# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

2002 ജൂൺ 18-ാം തീയതി ചൊവ്വാഴ്ച

(ആകെ ചോദ്യങ്ങൾ - 30)

**114.** **റോഡ് കുഴിക്കുന്നത് സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥയ്ക്ക് രൂപം നൽകുവാൻ നടപടി**

**115.** **റവന്യു റിക്കവറി നടപടിയിലൂടെ വസൂലാക്കുന്ന തുകയ്ക്കുള്ള പലിശ നിരക്ക് കുറയ്ക്കാൻ നടപടി**

**116.** **ഭൂഗർഭ നടപ്പാതകൾ നിർമ്മിക്കാൻ നടപടി**

**117.** **നാഷണൽ ഹൈവേയായി പ്രഖ്യാപിക്കപ്പെട്ട റോഡുകൾ**

**118.** **പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശനത്തിന് പിന്നോക്ക വിഭാഗക്കാരുടെ വരുമാനപരിധി ഉയർത്തിയ നടപടി**

**119.** **സൗജന്യ പാഠപുസ്തക വിതരണം**

**120.** **റവന്യു റിക്കവറി കുടിശ്ശികപിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും സ്റ്റേ ഒഴിവാക്കുന്നതിനും നടപടി**

**121.** **പൊതുനിരത്തുകൾ കുഴിക്കുന്നതുമൂലമുള്ള അപകടങ്ങൾ**

**122.** **എം. സി. റോഡിന്റെ വികസനത്തിനുള്ള പ്രത്യേക പദ്ധതി**

**123.** **സർവ്വശിക്ഷാ അഭിയാൻ പദ്ധതി**

**124.** **റോഡ് വികസനത്തിനായി ലോകബാങ്കിന് സമർപ്പിച്ചിട്ടുള്ള പദ്ധതികൾ**

**125.** **റോഡ് നിർമ്മിക്കുന്ന കോൺട്രാക്ടർമാരിൽനിന്നും ഗ്യാരന്റി വാങ്ങാൻ നടപടി**

**126.** **പുതിയ കരിക്കുലം സമീപനരേഖ**

**127.** **എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേഡ് നൽകുന്ന സമ്പ്രദായം**

**128.** **സംസ്കൃത-വേദ-വേദാന്ത-തച്ചുശാസ്ത്രവിദ്യാഭ്യാസം**

**129.** **ഗ്രേഡിംഗ് സമ്പ്രദായം**

**130.** **മതികെട്ടാനിലെ ഭൂമിയുടെ പട്ടയം സംബന്ധിച്ചുള്ള അന്വേഷണം**

**131.** **വിദേശമലയാളികൾക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി**

**132.** **കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിനും നിലവിലുള്ള നിയമങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനും പ്രത്യേക നടപടികൾ**

**133.** **റോഡ് റബ്ബറൈസേഷൻ**

**134.** **പാലങ്ങളുടെ സമീപത്ത്നിന്ന് മണ്ണെടുക്കുന്നതു സംബന്ധിച്ച് ഹൈക്കോടതി ഉത്തരവ്.**

**135.** **സ്കൂളുകളിലെ ഇംഗ്ലീഷ് ഭാഷാപഠനം**

**136.** **പ്ളസ്ടു കോഴ്സ് നടത്തുന്ന അൺഎയിഡഡ് സ്കൂളുകൾക്ക് വിദ്യാർത്ഥികളിൽ നിന്നും പിരിക്കാവുന്ന ഫീസ്**

**137.** **റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണത്തിൽ സ്വകാര്യമേഖലയുടെ പങ്കാളിത്തം**

**138.** **കാർഡമംഹിൽ റിസർവ് നിയമം**

**139.** **ഗൾഫ് നാടുകളിലേക്ക് കപ്പൽ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി**

**140.** **പൊതുമരാമത്തുവകുപ്പിന്റെ ജോലികളിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുവാൻ നടപടി**

**141.** **നദീതട സംരക്ഷണ നിയമം നടപ്പിലാക്കുന്നതിന് കൈക്കൊണ്ട നടപടികൾ**

**142.** **ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതു സംബന്ധിച്ച് കരിക്കുലം കമ്മിറ്റിയുടെ ശുപാർശ**

**143.** **പ്രൊഫഷണൽ കോളേജുകളുടെ ന്യൂനപക്ഷ പദവി**

## റോഡ് കുഴിക്കുന്നത് സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥയ്ക്ക് രൂപം നൽകുവാൻ നടപടി

114. ശ്രീ. വി. ഡി. സതീശൻ :

ശ്രീ. ഡി. സുഗതൻ :

ശ്രീ. കെ. പി. വിശ്വനാഥൻ :

ശ്രീ. ടി. എച്ച്. മുസ്തഫ :

ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തു വകുപ്പ് വക റോഡുകൾ ഏതെല്ലാം കേന്ദ്ര സംസ്ഥാന വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യ സംരംഭകരുമാണ് വെട്ടിക്കുഴിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) റോഡുകൾ വെട്ടിക്കുഴിക്കുമ്പോൾ അവ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള ഉത്തരവാദിത്വം ആർക്ക് എന്ന് വ്യക്തമാക്കാമോ;

(സി) റോഡ് കുഴിക്കുന്നതിന് ആരൊക്കയാണ് അനുവാദം നൽകുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) റോഡ് കുഴിക്കുന്നവരിൽ നിന്നും റോഡ് പൂർവ്വസ്ഥിതിലാക്കുന്നതിനു വേണ്ടി വരുന്ന തുക മുൻകൂറായി ഈടാക്കാറുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ഇ) റോഡ് കുഴിക്കുന്നതും പൂർവ്വസ്ഥിതിലാക്കുന്നതും സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥയ്ക്ക് രൂപം നൽകുമോ?

**<u>ഉത്തരം</u>**

**ശ്രീ. എം. കെ. മുനീർ (മരാമത്ത് വകുപ്പുമന്ത്രി ) :-**

(എ) പൊതുമരാമത്ത് വക റോഡുകൾ ഒ.എഫ്. കേബിൾ ഇടുന്ന സ്വകാര്യ ഏജൻസികളായ ഏഷ്യാനെറ്റ്, കേരള കമ്മ്യൂണിക്കേഷൻസ്, ഭാരതി ടെലിസോണിക്സ് എന്നീ കമ്പനികളും വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, ടെലികോം എന്നീ സ്ഥാപനങ്ങളുമാണ് കുഴിക്കുന്നത്.

(ബി) (ഡി) & (ഇ) ഓപ്റ്റിക് ഫൈബർ കേബിൾ ഇടുന്ന സ്വകാര്യ കമ്പനികൾ അവരുടെ സ്വന്തം ചുമതലയിൽത്തന്നെ കുഴിക്കുന്ന ഭാഗം പൂർണ്ണമായും പനഃസ്ഥാപിക്കേണ്ടതാണെന്നാണ് വ്യവസ്ഥ. ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾ /ഏജൻസികൾ കുഴിക്കുന്ന ഭാഗം ടാർ പ്രതലംവരെ നികത്തേണ്ട ചുമതല കുഴിക്കുന്ന ഏജൻസികൾക്ക് തന്നെയാണ്. ടാർ പ്രതലം പുനഃസ്ഥാപിക്കുന്നതിനാവശ്യമായ സംഖ്യ ഡിപ്പാർട്ടുമെന്റൽ ഏജൻസികൾ സർക്കാരിൽ മുൻകൂട്ടി അടച്ചിരിക്കേണ്ടതും ആ തുക ഉപയോഗിച്ച് ടാർ പ്രതലം പുനഃസ്ഥാപനം നടത്തേണ്ടത് പൊതുമരാമത്ത് വകുപ്പുമാണ്. മേൽപ്പറഞ്ഞ വ്യവസ്ഥകളുടെ അടസ്ഥാനത്തിലാണ് സംസ്ഥാനത്ത് റോഡുകൾ കുഴിച്ച് കേബിളും മറ്റും ഇടുന്നത്.

(സി) ഓപ്റ്റിക് ഫൈബർ കേബിളുകൾ ഇടുന്നതിനു വേണ്ടി അനുവാദം നൽകുന്നത് ഗവൺമെന്റാണ്. ഡിപ്പാർട്ടുമെന്റൽ ഏജൻസികൾക്ക് അനുവാദം നൽകുന്നത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരാണ്.

## <u>റവന്യൂ റിക്കവറി നടപടിയിലൂടെ വസൂലാക്കുന്ന തുകയ്ക്കുള്ള പലിശ നിരക്ക് കുറയ്ക്കാൻ നടപടി</u>

115. ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ റിക്കവറി നടപടിയിലൂടെ വസൂലാക്കുന്ന തുകയ്ക്ക് ഈടാക്കി വരുന്ന ഭാരിച്ച പലിശ നിരക്ക് കുറയ്ക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പലിശ നിരക്ക് കുറയ്ക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ. എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി ) :-**

(എ) അർത്ഥനാധികാരി (Requisition Officer) നിർദ്ദേശിക്കുന്ന നിരക്കിലുള്ള പലിശയാണ് റിക്കവറി നടപടികളിൽ ഈടാക്കുന്നത്. അർത്ഥനാ ഫോറത്തിൽ ഈടാക്കേണ്ട പലിശ നിരക്ക് രേഖപ്പെടുത്തിയിരിക്കും. വിവിധ സ്ഥാപനങ്ങൾ വ്യത്യസ്ഥ നിരക്കുകളാണ് ഈടാക്കാൻ ശുപാർശ ചെയ്യുന്നത്.

(ബ) ഉദിക്കുന്നില്ല.

## <u>ഭൂഗർഭ നടപ്പാതകൾ നിർമ്മിക്കാൻ നടപടി</u>

116. ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് :

ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിലും മുഖ്യ പട്ടണങ്ങളിലെ പ്രധാനപ്പെട്ടതും തിരക്കേറിയതുമായ റോഡുകളിലും കാൽനട യാത്രക്കാർ റോഡ് മുറിച്ചു കടക്കുന്നത് ഒഴിവാക്കുന്നതിനായി ഭുഗർഭ നടപ്പാതകൾ നിർമ്മിക്കാൻ സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ടോ;

(ബി) അപകടങ്ങൾ കുറയ്ക്കുന്നതിനും ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിനും ഭൂഗർഭ നടപ്പാതകൾ സഹായകമാകയാൽ പ്രസ്തുത പദ്ധതിക്ക് ഊന്നൽ നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ഭൂഗർഭ നടപ്പാതകൾക്കിരുവശവും വ്യാപാര സംരംഭങ്ങൾ ഏർപ്പെടുത്തുന്ന പക്ഷം സർക്കാരിന് വരുമാനം ലഭിക്കുമെന്നതിനാൽ പ്രസ്തുത പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. എം. കെ. മുനീർ (മരാമത്ത് വകുപ്പുമന്ത്രി ) :-**

(എ), (ബി) & (സി) ഭൂഗർഭ നടപ്പാതകൾ നിർമ്മിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. ഭൂഗർഭനടപ്പാത നിർമ്മിക്കുക എന്നതിനേക്കാൾ നിലവിലുള്ള റോഡുകൾക്ക് കാൽനടപ്പാത നിർമ്മിക്കുന്നതും ആവശ്യമായ സ്ഥലങ്ങളിൽ കാൽനടക്കാർക്ക് മുറിച്ചുകടക്കാൻ വേണ്ടി ഇലക്ട്രോണിക് സിഗ്നൽ സംവിധാനം സ്ഥാപിക്കുന്നതും ആയിരിക്കും കൂടുതൽ പ്രായോഗികവും പ്രയോജനകരവും എന്നാണ് കരുതുന്നത്.

## നാഷണൽ ഹൈവേയായി പ്രഖ്യാപിക്കപ്പെട്ട റോഡുകൾ

117. ശ്രീ. സി. കെ നാണു :
ശ്രീ. എ. സി. ഷൺമുഖദാസ് :
ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. വി. സി. കബീർ :
ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേയായി പ്രഖ്യാപിക്കപ്പെട്ട റോഡുകൾ ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ;

(ബി) ആകെ എത്ര കിലോമീറ്റർ റോഡുകൾ നാഷണൽ ഹൈവേയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത റോഡുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ആകെ എന്തു തുക കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ഡി) നാഷണൽ ഹൈവേയായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് പുതിയ റോഡുകൾ നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം?

**ഉത്തരം**

**ശ്രീ. എം. കെ. മുനീർ (മരാമത്ത് വകുപ്പുമന്ത്രി ) :-**

(എ) & (ബി) കേരളത്തിലൂടെയുള്ള ദേശീയ പാതകൾ താഴെപ്പറയുന്നവയാണ്.

1. എൻ.എച്ച് 17 പൻവേൽ – ഇടപ്പള്ളി
2. എൻ.എച്ച് 47 കന്യാകുമാരി– സേലം
3. എൻ.എച്ച് 47 എ കുണ്ടന്നൂർ – വെല്ലിങ്ടൺ
4. എൻ.എച്ച് 49 കൊച്ചി – മധുര
5. എൻ.എച്ച് 208 കൊല്ലം – ചെങ്കോട്ട
6. എൻ.എച്ച് 212 കോഴിക്കോട്– മൈസൂർ
7. എൻ.എച്ച് 213 കോഴിക്കോട് – പാലക്കാട്
8. എൻ.എച്ച് 220 കൊല്ലം – തേനി

കേരളത്തിൽ ഇവയുടെ ആകെ ദൈർഘ്യം 1545.10 കി.മി. ആണ്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം (2001–2002) ദേശീയപാതയുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ആകെ 126.55 കോടി രൂപ ലഭിച്ചു.

(ഡി) ചില നിർദ്ദേശങ്ങൾ പരിഗണനയിലുണ്ട്.

## പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശനത്തിന് പിന്നോക്ക വിഭാഗക്കാരുടെ വരുമാനപരിധി ഉയർത്തിയ നടപടി

118. ശ്രീ. പി. ടി. തോമസ് :
പ്രൊഫസർ എ. ഡി. മുസ്തഫ :
ശ്രീ. പി. ജെ. ജോയി :
ശ്രീമതി മലേത്ത് സരളാദേവി :
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശനത്തിന് പിന്നോക്ക വിഭാഗക്കാർക്ക് റിസർവേഷൻ ലഭിക്കുന്നതിനുള്ള വരുമാനപരിധി ഉയർത്തുക ഉണ്ടായോ; എങ്കിൽ വരുമാനം എന്തു തുകയിൽ നിന്ന് എന്തു തുകയായാണ് ഉയർത്തിയത്;

(ബി) ഇതുവഴി പിന്നോക്ക വിഭാഗക്കാർക്ക് എന്തെങ്കിലും പ്രയോജനം ലഭിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശനത്തിന് പിന്നോക്ക വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം വരുമാനപരിധി ഉയർത്തിയത് ആ വിഭാഗത്തിൽപെടുന്നവർക്ക് ഉദ്യോഗനിയമനത്തിൽ ക്രീമിലെയറിൽപ്പെടാതിരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള വരുമാനപരിധിയുമായി തുല്യമാകത്തക്കവിധത്തിലാണോ;

(ഡി) ആണെങ്കിൽ ഈ രണ്ടു കാര്യത്തിലുമുള്ള വരുമാനം സംബന്ധിച്ച ഏകീകരണം ഈ വിഭാഗങ്ങൾക്ക് കൂടുതൽ പ്രയോജനം നൽകുമോ എന്ന് വിശദീകരിക്കുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി ) :-**

(എ) പിന്നോക്ക വിഭാഗക്കാർക്ക് റിസർവേഷനുള്ള വരുമാന പരിധി 1.5 ലക്ഷം രുപ ആയിരുന്നത് 2.5 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്.

(ബി) എത്രമാത്രം പ്രയോജനം ലഭിച്ചു എന്നത് അഡ്മിഷൻ നടപടി പൂർത്തിയാക്കിക്കഴിഞ്ഞിട്ടുമാത്രമേ അറിയാൻ കഴിയുകയുള്ളു.

(സി) യും (ഡി)യും പ്രൊഫഷണൽ കോളേജ്ജുകളിലേയ്ക്കുള്ള അഡ്മിഷന് വേണ്ടി മാത്രം ഉദ്ദേശിച്ചാണ് വരുമാന പരിധി ഉയർത്തിയിട്ടുള്ളത്. ഇതിന് ഉദ്യോഗ നിയമനക്കാരുവുമായി ബന്ധമില്ല.

## സൗജന്യ പാഠപുസ്തക വിതരണം

119. ശ്രീ. തമ്പാനൂർ രവി :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. എം. മുരളി :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാഠപുസ്തകങ്ങൾ സൗജന്യമായി നൽകുവാനൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതു ക്ളാസ്സുവരെയുള്ള കട്ടികൾക്കാണ് സൗജന്യമായി പാഠപുസ്തകങ്ങൾ നൽകുന്നത് ;

(സി) ഇതിനള്ള മതിപ്പു ചെലവെത്ര;

(ഡി) സൗജന്യമായി പുസ്തകം നൽകുന്നതിനുള്ള മാനദണ്ഡമെന്താണ്;

(ഇ) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ കുട്ടികൾക്കു മാത്രമായിട്ടെങ്കിലും ഈ ആനുകൂല്യം നൽകുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി ) :-**

(എ) ഉണ്ട്.

(ബി) കേരള സംസ്ഥാനത്തെ എല്ലാ സർക്കാർ, എയിഡഡ് വിദ്യാലയങ്ങളിലും ഒന്നാം ക്ളാസ്സിൽ പഠിക്കുന്ന സർവ്വ വിദ്യാർത്ഥികൾക്കും ഒരു സെറ്റ് പാഠപുസ്തകം സൗജന്യമായി നൽകുന്നുണ്ട്.

കൂടാതെ സർവ്വശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ, എയിഡഡ് വിദ്യാലയങ്ങളിലെയും രണ്ട് മുതൽ എട്ടുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ പെൺകുട്ടികൾക്കും, എല്ലാ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആൺ കുട്ടികൾക്കും പാഠപുസ്തകങ്ങൾ സൗജന്യമായി നൽകുന്നതാണ്.

(സി) ഉദ്ദേശം 15 കോടി രൂപയോളം ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. 25-4-2002-ലെ സർക്കാർ ഉത്തരവ് (സാധ) 957/2002/പൊ.വി. എന്ന ഉത്തരവ് പ്രകാരം കേരളത്തിലെ എല്ലാ സർക്കാർ/എയിഡഡ് വിദ്യാലയങ്ങളിലെയും ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും സൗജന്യമായി ഒരു സെറ്റ് പാഠപുസ്തകം വിതരണം ചെയ്യുന്ന പദ്ധതി 2002-2003 വർഷത്തിലേക്കും തുടരാൻ അനുമതി നൽകിയിട്ടുണ്ട്. 5-12-2001-ലെ ഗവൺമെന്റ് ഉത്തരവ് (സാധ) 4479/2001/പൊ.വി. എന്ന സർക്കാർ ഉത്തരവ് പ്രകാരം സർവ്വശിക്ഷാ അഭിയാൻ പദ്ധതിയുടെ അഞ്ചാം സാംപത്തിക നിബന്ധന അനുസരിച്ച് സംസ്ഥാനത്തെ സർക്കാർ, എയിഡഡ് സ്ക്കൂളുകളിൽ രണ്ടാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെ പഠിക്കുന്ന എല്ലാ പെൺകുട്ടികൾക്കും, എല്ലാ പട്ടികജാതി, പട്ടികവർഗ്ഗ ആൺകുട്ടികൾക്കും ഒരു സെറ്റ് പാഠപുസ്തകം സൗജന്യമായി നൽകുവാൻ തീരുമാനം എടുത്തിട്ടുണ്ട്. ഈ ഉത്തരവുകൾ പ്രകാരമാണ് സൗജന്യ വിതരണം നടത്തുന്നത്.

(ഇ) ദാരിദ്ര്യരേഖാ മാനദണ്ഡം നോക്കാതെ തന്നെ ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും രണ്ട് മുതൽ എട്ടുവരെ ക്ലാസ്സുകളിലെ എല്ലാ പെൺകുട്ടികൾക്കും, പട്ടികജാതി, പട്ടികവർഗ്ഗ ആൺ കുട്ടികൾക്കും ഒരു സെറ്റ് പാഠപുസ്തകം സൗജന്യമായി നൽകുന്നുണ്ട്. എസ്. എസ്. എ. കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ തീരുമാനം ആവശ്യമാണ്.

## <u>റവന്യൂ റിക്കവറി കുടിശ്ശികപിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും സ്റ്റേ ഒഴിവാക്കുന്നതിനും നടപടി</u>

120. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ഡോ. തോമസ് ഐസക് :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ റിക്കവറി കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇപ്പോൾ എത്ര കോടി രൂപയുടെ റവന്യൂ കുടിശ്ശികയാണ് പിരിക്കാനുള്ളത്;

(സി) ഇതിൽ എത്ര കോടി രൂപയ്ക്കാണ് സ്റ്റേ അനുവദിച്ചിട്ടുള്ളത്;

(ഡി) കോടതി സ്റ്റേ ഒഴിവാക്കുന്നതിന് ആവശ്യമായ നിയമനടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ;

(ഇ) പുതുതായി റവന്യൂ റിക്കവറി ഓഫീസുകൾ രൂപീകരിക്കുന്നതിന് ഏതെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(എഫ്) റവന്യൂ വകുപ്പിൽ അധികമുണ്ടെന്ന് സർക്കാർ കണ്ടെത്തിയിട്ടുള്ള ജീവനക്കാരിൽ ഒരു വിഭാഗത്തെ റവന്യൂ റിക്കവറി വിഭാഗത്തിലേക്ക് പുനർവിന്യസിച്ച് റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. കെ. എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി ) :-**

(എ) റവന്യൂ റിക്കവറി കുടിശ്ശികകൾ പിരിക്കുന്നതിന് എല്ലാ ജില്ലകൾക്കും ടാർജറ്റ് നിശ്ചയിച്ചു നൽകുകയും ടാർജറ്റ് അനുസരിച്ച് പിരിവ് ഊർജ്ജിതപ്പെടുത്താൻ നിർദ്ദേശം നൽകുകയും, ജില്ലകളിൽ നിന്നും ലഭിക്കുന്ന മുതൽ പിരവ് ബാക്കി പട്ടിക അവലോകനം നടത്തി വീഴ്ചകളുണ്ടെങ്കിൽ ഓരോ മാസവും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ജില്ലാതല അവലോകനം കള്കടർമാർ നടത്തി പിരവ് ഊർജ്ജിതപ്പെടുത്താൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

(ബി) മെയ് 31 വരെ നിരോധനത്തിലുള്ള തുക ഉൾപ്പെടെ സർക്കാർ കുടിശ്ശികയും, സർക്കാർ ഇതര കുടിശ്ശികയും കൂടി 1518.40 കോടി രൂപ പിരിക്കാനുണ്ട്.

(സി) മെയ് 31 വരെ സർക്കാർ കുടിശ്ശികയും, സർക്കാർ ഇതര കുടിശ്ശികയും ചേർന്നു 1218.40 കോടി രൂപയ്ക്ക് സ്റ്റേ ഉണ്ട്. ഇതിൽ കോടതികളിലും, അപ്പലേറ്റു ട്രൈബ്യൂണലുകളിലും, തീർപ്പാകാതെ കിടക്കുന്ന കേസ്സുകളിൽ മെത്തം 914.64 കോടി രൂപയുടെ റിക്കവറി ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവെ സ്റ്റേ നൽകാറില്ല. തവണകളായി തുക അടയ്ക്കുന്നതിനുള്ള സൗകര്യം അർഹതപ്പെട്ട കേസ്സിൽ

നൽകിവരുന്നു. സെയിൽ ടാക്സ്/അബ്കാരി/മോട്ടോർ വെഹിക്കിൾ /ഫോറസ്റ്റ് എന്നീ കുടിശ്ശികകളുടെ കാര്യത്തിൽ കുിശശ്ശിക തുക ഒരു ലക്ഷത്തിലധികമണെങ്കിൽ ആയതിന്റെ 50% തുക അടച്ച രസീതു ഹാജരാക്കിയാൽ മാത്രം തവണകൾ നൽകിവരുന്നു.

(ഡി) അഡ്വക്കേറ്റ് ജനറൽ, ഗവൺമെന്റ് പ്ളീഡർമാർ എന്നിവരുമായി കളക്ടറേറ്റിലെയു, കമ്മീഷറേറ്റിലേയും സ്യൂട്ട് സെല്ലിൽ നിന്നും നിരന്തരം ബന്ധപ്പെട്ട് കേസുകൾ തീർപ്പ് കൽപ്പിച്ചു ലഭിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. കീഴ്കോടതികളിലെ കേസ്സുകൾ സംബന്ധിച്ച് ബന്ധപ്പെട്ട ഗവൺമെന്റ് പ്ളീഡർമാരെ റവന്യൂ റിക്കവറി ഡപ്യൂട്ടി തഹസിൽദാർമാർ നിരന്തരം ബന്ധപ്പെട്ട് കേസ്സുകൾ തീർപ്പു കൽപ്പിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. അപ്പലേറ്റ് ട്രിബ്യൂണലുകളിൽകിടക്കുന്ന കേസ്സുകളിൽ തീർപ്പുണ്ടാക്കാൻ അർദ്ധനാധികാരികലുമായി ബന്ധപ്പെട്ടും നടപടി സ്വീകരിച്ചു വരുന്നു.

(ഇ) യും (എഫ്)യും ഇക്കാര്യത്തെ സംബന്ധിച്ച് ശുപാർശകളൊന്നു നിലവൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. എന്നാൽ റവന്യൂ വകുപ്പിൽ അധികമായി കണ്ടെത്തിയ തസ്തികകൾ പുനർവിന്യസിക്കുന്നതിന്റെ ഭാഗമായി റവന്യൂ റക്കവറി ജോലികൾ ത്വരിതപ്പെടുത്താൻ പുതിയ ആർ. ആർ. യൂണിറ്റുകൾ തുടങ്ങുന്നതു സംബന്ധിച്ച് ശുപാർശകൾ സമർപ്പിക്കുവാൻ ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിക്കുന്നതാണ്.

## <u>പൊതുനിരത്തുകൾ കുഴിക്കുന്നതുമൂലമുള്ള അപകടങ്ങൾ</u>

121. ശ്രീ. കെ. വി. കുഞ്ഞിരാമൻ :

ശ്രീ. സാജു പോൾ :

ശ്രീ. ടി. കെ. ബാലൻ :

ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുടനീളം പൊതുനിരത്തുകൾ കേബിൾ ഇടുന്നതിനുവേണ്ടി കുഴിക്കുകയും വെട്ടിപ്പൊളിക്കുകയും ചെയ്തതിന്റെ ഫലമായി പൊതുനിരത്തുകൾ മരണക്കെണികളായി മാറിയിട്ടുള്ളത് സർക്കാരിന്റ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു തടയുന്നതിനും റോഡിന്റെ അറ്റകുറ്റപ്പണി യഥാസമയം പൂർത്തിയാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഈ വർഷം കേബിൾക്കുഴികളിൽ വീണ് ഉണ്ടായ അപകടങ്ങളിൽ മരിച്ചവർ എത്രയെന്നും പരിക്കുപറ്റിയവർ എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) അപകടത്തിൽപ്പെട്ടവർക്കും മരിച്ചവരുടെ ആശ്രിതർക്കും നഷ്ടപരിഹാരം നൽകുന്നതിന് ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ) അപകടം പറ്റിയവർക്ക് ബന്ധപ്പെട്ട സ്വകാര്യ കമ്പനികളിൽനിന്ന് നഷ്ട പരിഹാരം വാങ്ങിക്കൊടുക്കുന്നതിന് ആവശ്യമായ നിയമനടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. എം. കെ. മുനീർ (മരാമത്ത് വകുപ്പുമന്ത്രി ) :-**

(എ) & (ബി) ഓപ്റ്റിക് ഫൈബർ കേബിൾ ഇടുന്നതിനായി കുഴികൾ കുഴിച്ചതിനെ തുടർന്ന് ചില നിരത്തുകളിൽ ഗതാഗതത്തിന് ബുദ്ധിമുട്ടുകൾ ഉണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ബന്ധപ്പെട്ട ഏജൻസികളുടെ യോഗം ഉദ്യോഗസ്ഥ തലത്തിലും മന്ത്രിതലത്തിലും വിളിച്ച്, കുഴികൾ നികത്തുന്നതിന് കർശനമായ നിർദ്ദേശങ്ങൾ നൽകുകയും അതിനെ തുടർന്ന് കുഴികൾ നികത്തുന്ന ജോലികൾ പൂർത്തിയായി വരികയാണ്.

(സി) കോട്ടയം ജില്ലയിൽ കേബിൾ ഇടുന്നതിനുവേണ്ടിയുള്ള കുഴിയിൽ വീണുണ്ടായ റോഡപകടത്തിന്റെ ഫലമായി ഒരാൾ മരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) & (ഇ) നഷ്ടപരിഹാരം വാങ്ങിക്കൊടുക്കുന്നതിന് വേണ്ട നടപടികൾ എടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

## <u>എം. സി. റോഡിന്റെ വികസനത്തിനുള്ള പ്രത്യേക പദ്ധതി</u>

122. ശ്രീ. സി. മമ്മൂട്ടി :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. സി. റോഡിന്റെ വികസനത്തിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**

**ശ്രീ. എം. കെ. മുനീർ (മരാമത്ത് വകുപ്പുമന്ത്രി ) :-**

(എ) & (ബി) ലോകബാങ്ക് വായ്പാ പദ്ധതിയിൽപ്പെടുത്തി എം.സി.റോഡു മുഴുവൻ നീളവും അഭിവൃദ്ധിപ്പെടുത്തുന്നുണ്ട്.

## <u>സർവ്വശിക്ഷാ അഭിയാൻ പദ്ധതി</u>

123. ശ്രീ. കെ. എ. ചന്ദ്രൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്തെല്ലാം ലക്ഷ്യങ്ങളോടുകൂടിയാണ് സർവ്വശിക്ഷാ അഭിയാൻ പദ്ധതി നടപ്പാക്കുന്നത് ;

(ബി) ഈ പദ്ധതി നടപ്പാക്കുവാൻ സംസ്ഥാനം എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടത്;

(സി) ഈ പദ്ധതി ഇപ്പോൾ ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കുന്നത്;

(ഡി) ബാക്കി ജില്ലകളിൽ പ്രസ്തുത പദ്ധതി എന്നത്തേക്ക് നടപ്പാക്കും;

(ഇ) ഈ പദ്ധതി ഇപ്പോൾ നടപ്പാക്കുന്ന ജില്ലകളിൽ 1 മുതൽ 7 വരെ ക്ലാസുകളിൽ നിന്നുള്ള ഡ്രോപ് ഔട്ട് നിലയെന്താണ് എന്ന് വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി ) :-**

(എ) 6 മുതൽ 14 വയസ്സുവരെ പ്രായ പരിധിയിലുള്ള എല്ലാ കുട്ടികൾക്കും പ്രൈമറി വിദ്യാഭ്യാസം നൽകുക എന്നതാണ് സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിയുടെ ലക്ഷ്യം. 2002-ടെ ഈ പരിധിയിലുള്ള എല്ലാ കുട്ടികളെയും സ്കൂളിലെത്തിക്കുന്നതിനും 2010-ടെ 8 വർഷത്തെ പ്രഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. പെൺകുട്ടികൾ എസ്.സി, എസ്.റ്റി വിഭാഗത്തിൽപ്പെട്ട കുട്ടികൾ, വികലാംഗരായ വിദ്യാർത്ഥികൾ എന്നിവർക്കും ഈ പദ്ധതിയിൽ പ്രത്യേക പരിണഗന നൽകുന്നു. ഗുണനിലവാരമുള്ള പ്രാഥമിക വിദ്യാഭ്യാസം ഈ പദ്ധതി മുഖേന ഉറപ്പാക്കുന്നതാണ്.

(ബി) കേന്ദ്ര ഗവൺമെന്റിന്റെ മാനവവിഭവശേഷി മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് എസ്.എസ്. എ. യുടെ നടത്തിപ്പിന് സംസ്ഥാന തലത്ത് സ്റ്റേറ്റ് വിഷൻ അതോറിറ്റി രൂപീകരിക്കേണ്ടതാണ്. ബഹു.മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജനറൽ ബോഡിയും പൊതു വിദ്യാഭ്യാസ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള ഗവേണിംഗ് ബോഡിയും ഇതിന്റെ ഭാഗമായി രൂപീകരിക്കേണ്ടതാണ്. ഡി. പി. ഇ. പിയുടെ നടത്തിപ്പാനായി രജിസ്റ്റർ ചെയ്ത സൊസൈറ്റിയായ പെറ്റങ്ക് തന്നെയാണ് എസ്.എസ്.എ.യുടെ അതോറിറ്റിയായി പ്രവർത്തിക്കുന്നത്.

അദ്ധ്യാപകരുടെ നിയമനം, സ്ക്കുളുകൾ ആരംഭിക്കാൻ, സൗജന്യ പാഠപുസ്തകം വിതരണം, കെട്ടിട നിർമ്മാണം, അദ്ധ്യപക പരിശീലനം. യു.പി. സ്ക്കൂളുകൾക്കുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയ 21 വ്യത്യസ്ഥ ആവശ്യങ്ങളാണ് കേന്ദ്ര ഗവൺമെന്റിൽ നിന്നും സാംപത്തിക വർഷം ലഭിക്കുന്നുണ്ട്. ഓരോ പ്രദേശത്തെയും ആവശ്യങ്ങൾ ഉൾക്കോള്ളിച്ചുകൊണ്ട് തയ്യാറാക്കുന്ന ഡ.പി.ഇ.പി. (ഡിസ്ട്രിക്റ്റ് എലിമെന്ററി എഡ്യുക്കേഷൻ പ്ളാൻ) തയ്യാറാക്കേണ്ടത് സംസ്ഥാന ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ്. ഓരോ ജില്ലകൾക്കുള്ള വാർഷിക പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പികേണ്ടതാണ്. ജില്ലാ പ്ളാനിംഗ് കമ്മിറ്റികൾക്കാണ് ആതാതു ജില്ലാതല പദ്ധതികളുടെ രൂപീകരണ ചുമതല. 2010 വർഷത്തേക്കുള്ള സ്പെക്ടീവ് പ്ളാൻ സംസ്ഥാന ഗവൺമെൻറ് തയ്യാറാക്കേണ്ടാണ്. ഈ പദ്ധതികൾ കേന്ദ്ര സംസ്ഥാന ഉദ്യോഗസ്ഥൻമാരടങ്ങുന്ന സമിതി പരിശോധിച്ച് നൽകുന്ന ശുപാർശകളുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര ഗവൺമെന്റ് സാംപത്തിക സഹായം അനുവദിക്കുക.

എസ്.എസ്.എ. പദ്ധതി നടപ്പിലാക്കുന്നതിന് ഒൻപതാം പദ്ധതികാലത്ത് 85:15 അനുപാതത്തിലും പത്താം പദ്ധതി പ്രകാരം 75: 25 എന്ന ആനുപാതത്തിലും തുടർന്നുള്ള വർഷങ്ങളിൽ 50: 50 എന്ന ആനുപാതത്തിലുമായിരിക്കും കേന്ദ്രവും സംസ്ഥാനവും ചെലവു വഹിക്കുക.

(സി) എട്ട് ഡി.പി.ഇ.പി. ഇതര ജില്ലകളിലാണ് ആദ്യമായി ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നതും തുടർന്ന് ഡി.ഇ.പി. ജില്ലകൾ ഉൾപ്പെടെ എല്ലാ ജില്ലകളിലും എസ്.എസ്.എ. നടപ്പിലാക്കുന്നതാണ്.

(ഇ) പ്രിപ്രോജക്സ് ആക്ടിവിറ്റിയുടെ ഭാഗമാക്കുന്ന വീട് വീടാന്തരമുള്ള സർവേ പൂർത്തിയായാൽ മാത്രമേ ഡ്രോപ് ഔട്ട് നിലയെന്തെന്ന് മനസ്സിലാകുവാൻ സാധിക്കുകയുള്ളു. എല്ലാ ജില്ലകളിലും സർവ്വേ പൂർത്തിയിയിട്ടില്ല.

## റോഡ് വികസനത്തിനായി ലോകബാങ്കിന് സമർപ്പിച്ചിട്ടുള്ള പദ്ധതികൾ

124. ശ്രീ. വി.കെ.സി. മമ്മത്കോയ:
ശ്രീ. പിരപ്പൻകോട് മുരളി:
ശ്രീ. പി. ജയരാജൻ:
ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുവികനത്തിനായി ലോകബാങ്കിന് സമർപ്പിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പദ്ധതിയ്ക്ക് ലോകബാങ്ക് അംഗീകാരം നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ സഹായങ്ങളാണ് സംസ്ഥാനത്തിന് ലഭിക്കുക എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ വർഷം എത്രകോടി രൂപ ഈ പദ്ധതിപ്രകാരം സംസ്ഥാനത്തിന് ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഇ) ഇക്കാര്യത്തിൽ ലോകബാങ്ക് എന്തെങ്കിലും നിബന്ധനകൾ നിർദ്ദേശിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ജി) ഈ പദ്ധതി പ്രകാരമുള്ള റോഡുവികസനത്തിന് ആരെയെങ്കിലും കൺസൾട്ടൻസി ആയി നിശ്ചയിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. എം.കെ. മുനീർ (മരാമത്തു വകുപ്പു മന്ത്രി):-**

(എ) +(ബി) + (സി) സംസ്ഥാനത്തെ 1600 കി.മീ റോഡുകളും 93 കി.മീ. റോഡുകളും 93 കി.മീ. ജലപാതകളും വികസിപ്പിക്കുന്ന പദ്ധതിക്ക് ലോകബാങ്കിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

336 മില്യൺ യു.എസ്. ഡോളർ അടങ്കൽ തുകയുള്ള ഈ പദ്ധതിക്ക് 255 മില്യൺ യു.എസ്. ഡോളർ (1250കോടി രൂപ) വായ്പയായി ലഭിക്കും.

(ഡി) നൂറുകോടി രൂപയാണ് ഈ പദ്ധതിക്ക് 2002-2003 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ഇ) + (എഫ്) ഈ പദ്ധതിയുടെ പ്രൊജക്ട് എഗ്രിമെന്റ് സംസ്ഥാന സർക്കാരും ബാങ്കും തമ്മിൽ ഒപ്പുവച്ചിട്ടുണ്ട്.

(ജി) ഈ പദ്ധതി നിർവഹണത്തിന്റെ മേൽനോട്ടം നിർവഹിക്കുന്നത് കൺസൾട്ടിംഗ് കമ്പനികളാണ്. ലൂയി ബർജർ, ലീ അസൊസിയേറ്റ്സ്, ഐ.സി.റ്റി, റൈറ്റ്സ് എന്നീ കമ്പനികളാണ് കൺസൾട്ടന്റുമാരായി പ്രവർത്തിക്കുക.

## റോഡ് നിർമ്മിക്കുന്ന കോൺട്രാക്ടർമാരിൽനിന്നും ഗ്യാരന്റി വാങ്ങാൻ നടപടി

125. ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. എ.പി. അനിൽകുമാർ:
ശ്രീ. ജോർജ് ജെ. മാത്യു:
ശ്രീ. സി.പി. മുഹമ്മദ്:
ശ്രീ. വി.ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റോഡ് നിർമ്മിക്കുമ്പോഴോ റോഡുകളുടെ അറ്റകുറ്റപ്പണി തീർത്ത് ബ്ളാക്ക് ടോപ്പു ചെയ്യുമ്പോഴോ അവ കേടു കൂടാതെ എത്രകാലം നിലനിൽക്കുമെന്നതു സംബന്ധിച്ച് ഗ്യാരന്റി വാങ്ങാറുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പണികൾ ചെയ്യുമ്പോൾ ബന്ധപ്പെട്ട കോൺട്രാക്ടർമാരിൽ നിന്നും ഗ്യാരന്റി വാങ്ങുന്നകാര്യം പരിഗണിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. എം.കെ. മുനീർ (മരാമത്തു വകുപ്പു മന്ത്രി):-**

(എ) പുതിയ റോഡ് നിർമ്മിക്കുമ്പോഴും റോഡുകളുടെ അറ്റകുറ്റപ്പണി തീർത്ത് ബ്ലാക്ക് ടോപ്പുചെയ്യുമ്പോഴും അവ കേടുകൂടാതെ നിലനിൽക്കുന്നത് സംബന്ധിച്ച ഗ്യാരണ്ടി വാങ്ങാറുണ്ട്.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

## <u>പുതിയ കരിക്കുലം സമീപനരേഖ</u>

126. ശ്രീ. വർക്കല കഹാർ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. ഡി. സുഗതൻ:
ശ്രീമതി. മേഴ്സി രവി:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കരിക്കുലം സമീപനരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പ്രത്യേകതകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഈ സമീപനരേഖയുടെ അടിസ്ഥാനത്തിൽ ഏതെല്ലാം ക്ലാസുകളിലെ പാഠപുസ്തകങ്ങൾ പുതുതായി രചിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും പാഠപുസ്തകങ്ങളുടെ രചനയ്ക്കുവേണ്ടി ആ രംഗത്തെ വിദഗ്ധരുടെ സേവനം ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പു മന്ത്രി):-**

(എ ആന്റ് ബി) നിലവിലിരിക്കുന്ന പാഠ്യപദ്ധതികളെപ്പറ്റിയും പാഠ പുസ്തകങ്ങളെപ്പറ്റിയും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. സുകുമാരൻ നായർ അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കരിക്കുലത്തെ സംബന്ധിച്ച രൂപരേഖയെക്കുറിച്ചും പാഠപുസ്തങ്ങളിൽ വരുത്തേണ്ട പരിഷ്ക്കാരങ്ങളെ സംബന്ധിച്ചും റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സെക്കന്ററി തലത്തിലെ കരട് പാഠ്യപദ്ധതി 2002 തയ്യാറാക്കുകയുണ്ടായി. ഇതിന് 3.12.2001ൽ കൂടിയ സംസ്ഥാന കരിക്കുലം സ്ററിയറിംഗ് കമ്മിറ്റി അംഗീകാരം നൽകുകയുണ്ടായി. കൂടാതെ 7.5.2002 ൽ കൂടിയ വിദ്യാഭ്യാസ ഉപദേശക സമിതി വിദ്യാഭ്യാസത്തെ സംബന്ധിച്ച് ഒരു നയരേഖ തയ്യാറാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെയൊക്കെ വെളിച്ചത്തിൽ കൂടുതൽ വിശദമായ ഒരു നയരേഖ തയ്യാറാക്കുന്നതാണ്.

(സി) 2002-2003 അദ്ധ്യായന വർഷത്തിൽ പാഠ്യപദ്ധതി പരിഷ്ക്കരണത്തോടൊപ്പം I, II, III, IX ക്ലാസുകളിലെ പാഠപുസ്തകങ്ങൾ പരിഷ്ക്കരിക്കുന്നതിന് 3.12.2001ൽ കൂടിയ സംസ്ഥാന സ്കൂൾ കരിക്കുലം സ്ററിയറിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. പാഠപുസ്തക രചനയ്ക്കായി അതാത് രംഗത്തെ വിദഗ്ധർ, പഠിപ്പിക്കുന്ന അദ്ധ്യാപകർ, വിദ്യാഭ്യാസ ഓഫീസർമാർ, വിദ്യാഭ്യാസ പരിശീലകർ തുടങ്ങിയവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതാണ്.

## <u>എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേഡ് നൽകുന്ന സമ്പ്രദായം</u>

127. ശ്രീ. കെ. മോഹൻകുമാർ
ശ്രീ. ടി.എൻ. പ്രതാപൻ:
ശ്രീമതി. രാധാരാഘവൻ:
ശ്രീ. വി. ബാലറാം:

ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേഡ് നൽകുന്ന സമ്പ്രാദായം എന്ന് മുതൽ ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഗ്രേഡ് സമ്പ്രദായം ഏർപ്പെടുത്തുമ്പോൾ കോളേജ് അഡ്മിഷൻ ലഭിക്കാൻ അർഹതയില്ലാത്തവർക്ക് പ്രൊഫഷണൽ ട്രെയിനിംഗ് കൊടുക്കുവാൻ ഏർപ്പാട് ഉണ്ടാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. നാലകത്തു സൂപ്പി (വിദ്യാഭ്യാസ വകുപ്പു മന്ത്രി):-**

(എ) എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ഗ്രേഡ് നൽകുന്ന തംപ്രദായം 2003 മാർച്ച് മാസത്തിലെ പരീക്ഷ മുതൽ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

(ബി) പരിശോധിക്കുന്നതാണ്.

## <u>സംസ്കൃത-വേദ-വേദാന്ത-തച്ചുശാസ്ത്രവിദ്യാഭ്യാസം</u>

128. ശ്രീ. ടി.യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ന് അന്യമായിക്കൊണ്ടിരിക്കുന്ന സംസ്കൃത-വേദ-വേദാന്ത-തച്ചുശാസ്ത്ര വിദ്യാഭ്യാസം നിലനിർത്തുവാൻ എന്തെങ്കിലം പദ്ധതിയുണ്ടോ;

(ബി) നമ്മുടെ തനതായ ശാസ്ത്രസിദ്ധാന്തങ്ങളെ നിലനിർത്തുവാൻ ആവശ്യമായ നിയമ നിർമ്മാണങ്ങൾ നടത്തുമോ?

**<u>ഉത്തരം</u>**

**ശ്രീ. നാലകത്തു സൂപ്പി (വിദ്യാഭ്യാസ വകുപ്പു മന്ത്രി):-**

(എ) സംസ്കൃത വേദ വേദാന്ത തച്ചുശാസ്ത്ര വിദ്യാഭ്യാസം പുരോഗമിപ്പിച്ച് ആവശ്യമായ രീതിയിൽ നിലനിർത്താൻ ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പ്രാഥമിക വിദ്യാഭ്യാസരംഗത്തും ഉന്നത വിദ്യാഭ്യാസ രംഗത്തും മേൽ വിഷയങ്ങളിൽ ഊന്നൽ നൽകുന്ന ക്ലാസുകൾ, പാഠ്യപദ്ധതികൾ, സെമിനാറുകൾ, പരിശീലനം, ചർച്ചകൾ എന്നിവയും,മഹത്വ്യക്തികളുടേയും, പണ്ഡിതുരുടേയും സംഭാവനകൾക്ക് കാലിക പ്രസക്തിയും, പ്രാമുഖ്യവും നൽകുന്ന പൊതു പരിപാടികളും ഉണ്ട്. അപൂർവ്വങ്ങളും അന്യമായിക്കൊണ്ടിരിക്കുന്നതുമായ പ്രശസ്തരുടെ രീതികൾ റെക്കോർഡ് ചെയ്തും രക്ഷിക്കുന്നുണ്ട്. തച്ചുശാസ്ത്രത്തിന്റെ പുരോഗതിക്കായി സാംസ്ക്കാരിക വകുപ്പിന്റെ കീഴിൽ ആറൻമുളയിൽ വാസ്തു വിദ്യാ ഗുരുകുലം എന്ന പേരിൽ ഒരു സ്ഥാപനം പ്രവർത്തിച്ചു വരുന്നു. പാരമ്പര്യ തച്ചുശാസ്ത്രത്തിൽ ഗവേഷണം നടത്തുന്നതിനും, വാസ്തു വിദ്യയെ സംബന്ധിച്ച് ആധികാരികമായ രീതിയിൽ പഠിക്കുന്നതിനും ഇവിടെ സൗകര്യമുണ്ട്.

(ബി) നിലവിലുള്ള സംസ്കൃത സർവ്വകലാശാല ആക്ടും, സ്റ്റാറ്റ്യൂട്ടും ഈ വിഷയങ്ങളിൽ ഊന്നൽ നൽകി രൂപപ്പെടുത്തിയിട്ടുള്ളതും നിലവിലുള്ള നിയമങ്ങൾ ഇവ പരിരക്ഷിക്കാൻ പര്യാപ്തവുമാണ്.

## <u>ഗ്രേഡിംഗ് സമ്പ്രദായം</u>

129. ശ്രീ. ടി.കെ. ബാലൻ:

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ:

ശ്രീ. വി.കെ. ചന്ദ്രൻ:

ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷാനടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും അടുത്ത അദ്ധ്യായനവർഷം മുതൽ മാററംവരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഇതിനായി ഹൈസ്ക്കൂൾ തലത്തിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഗ്രേഡിംഗ് സമ്പ്രദായം ഏതു ക്ലാസുമുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) സി.ബി.എസ്.ഇ., ഐ.സി.എസ്.എസ്.ഇ. സ്കൂളുകളിൽ ഗ്രേഡിംഗ് സമ്പ്രദായം 8-ാം തരം മുതൽ നടപ്പാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എങ്കിൽ ഇതേ നടപടിക്രമം സംസ്ഥാനത്തെ സ്കൂളുകളിലും നടപ്പിലാക്കാൻ തയ്യാറാകുമോ?

**ഉത്തരം**

**ശ്രീ. നാലകത്തു സൂപ്പി (വിദ്യാഭ്യാസ വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) എസ്.എസ്.എൽ.സി പരീക്ഷകൾക്കും മറ്റ് ക്ലാസുകളിലെ പരീക്ഷയ്ക്കും പാസ്/ഫെയിൽ നിശ്ചയിക്കുന്നത് മാർക്കിന്റെ അടിസ്ഥാനത്തിലാണ്. പുതിയ വിദ്യാഭ്യാസ രേഖയിൽ കുട്ടികളുടെ വിവിധ കഴിവുകൾ വിലയിരുത്തുന്നതിനുള്ള പരീക്ഷാ രീതിയിൽ അടിസ്ഥാന പരമായ മാററം വേണമെന്ന് പ്രത്യേകം എടുത്ത് പറഞ്ഞിട്ടുണ്ട്. മാർക്കിന്റെ അടിസ്ഥാനത്തിലുള്ള വിലയിരുത്തലുകൾ കുട്ടികളുടെ വിവിധ കഴിവുകൾ വിലയിരുത്തുന്നതിന് തീരെ പര്യാപ്തമല്ല. വൈജ്ഞാനികമായ കഴിവിനെക്കുറിച്ച് ബോധമില്ലാതെ കുട്ടികളെ കൂടുതൽ മാർക്ക് വാങ്ങുന്നതിന് രക്ഷിതാക്കൾ പ്രേരിപ്പിക്കുന്ന ഇന്നത്തെ രീതി കുട്ടികളിൽ മാനസികമായ വൈകല്യം ഉണ്ടാക്കുവാൻ ഇടയാക്കുന്നുണ്ട്. വ്യത്യസ്ത കഴിവുകളുള്ള വിദ്യാർത്ഥികളെ മാർക്ക് എന്ന ഒരു അളവുകോൽ ഉപയോഗിച്ച് വിലയിരുത്തുന്നത് അശാസ്ത്രീയമായതുകൊണ്ട് ദേശീയ തലത്തിൽ ഈ വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യുകയും ഗ്രേഡിംഗ് രീതി നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രേഡിംഗ് സംപ്രദായം നടപ്പിലാക്കുന്നതോടുകൂടി പാസ്സ്/ഫെയിൽ സമ്പ്രദായം ഇല്ലാതാകും. ക്ലാസ് നൽകുന്നതും റാങ്ക് നൽകുന്നതും അവസാനിക്കും. 9 പോയിന്റ് സ്കെയിലുപയോഗിച്ചാണ് ഗ്രേഡിംഗ് നടത്തുന്നത്.

(സി) പരിഗണനയിലാണ്.

(ഡി) 2003 എസ്.എസ്.എൽ.സി. പരീക്ഷ മുതലാണ് ഗ്രേഡിംഗ് സംപ്രദായം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഇ) സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളിൽ 10-ാം ക്ലാസിലും 12-ാം ക്ലാസിലും ഗ്രേഡിംഗ് നിർബന്ധമാക്കിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവിടെ മറ്റ് ക്ലാസുകളിൽ ഗ്രേഡിംഗിന്റെ കാര്യം പ്രിൻസിപ്പൽമാർക്കു തന്നെ തീരുമാനിക്കാവുന്നതാണ്. ഈ സംപ്രദായം സംസ്ഥാനത്തെ സ്കൂളുകളിലും നടപ്പിലാക്കുന്നത് പരിശോധിക്കുന്നതാണ്.

## മതികെട്ടാനിലെ ഭൂമിയുടെ പട്ടയം സംബന്ധിച്ചുള്ള അന്വേഷണം

130. ശ്രീ. കെ. രാധാകൃഷ്ണൻ:

ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

ശ്രീ. ടി.കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മതികെട്ടാനിലെ ഭൂമിയുടെ പട്ടയം സംബന്ധിച്ച് അന്വേഷണം നടത്തുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഏതുതരം അന്വേഷണമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ബി) ഇതു സംബന്ധിച്ച് അന്വേഷിച്ച സെക്രട്ടറിമാരുടെ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചുവോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) മതികെട്ടാനിലെ ഭൂമിയുടെ റീസർവ്വെ നടപടികൾ എത്രത്തോളമായിട്ടുണ്ട്;

(ഡി) മതികെട്ടാനിലെ ഭൂമിയുടെ പട്ടയങ്ങൾ വ്യാജമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മതികെട്ടാൻചോലയിൽ വനംകൈയേറ്റത്തിന് കൂട്ടുനിന്ന റവന്യൂ ഉദ്യോഗസ്ഥൻമാരെ കണ്ടെത്തുന്നതിനും അവരെ ശിക്ഷിക്കുന്നതിനും എന്ത് നടപടിയാണ് ഗവൺമെന്റ് ഇതുവരെ കൈക്കൊണ്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പു മന്ത്രി):-**

(എ) മതികെട്ടാനിലെ ഭൂമി കയ്യേറ്റം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി 20.4.02ലെ സ.ഉ.നം. (ആർ.റ്റി) 635/02/റവന്യൂ പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറിയെ നിയോഗിക്കുകയുണ്ടായി

(ബി) 26..4..02-ലെ സ.ഉ.നം. (ആർ.ററി) 674/02/റവ പ്രകാരം നിയോഗിച്ച സെക്രട്ടറിമാരുടെ സമിതി മതികെട്ടാൻ പ്രദേശത്തെ എല്ലാ അനധികൃത കയ്യേറ്റവും ഒഴിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. അന്വേഷണ ചുമതല അഡീഷണൽ ചീഫ് സെക്രട്ടറിയിൽ മാത്രം നിക്ഷിപ്തമാണ്. അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല

(സി) മതികെട്ടാനിലെ ഭൂമിയുടെ റീ സർവ്വേ നടപടികൾ പുരോഗമിച്ചു വരുന്നു.

(ഡി) മതികെട്ടാനിലെ ചില പട്ടയങ്ങൾ വ്യാജമാണെന്ന ആരോപണം ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ഇ) ഇതിനായി നിയോഗിച്ച അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഇക്കാര്യത്തിൽ യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## വിദേശമലയാളികൾക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി

131. ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീ. സ്ററീഫൻ ജോർജ്:
ശ്രീ. മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ മലയാളികൾക്കുവേണ്ടി എൽ.ഐ.സിയുമായി ചേർന്ന് കോണ്ട്രിബ്യൂട്ടറി പെൻഷൻ സ്കീം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇതിന്റെ പ്രയോജനം എത്ര വിദേശ മലയാളികൾക്ക് ലഭ്യമാകും എന്ന് കണക്കാക്കിയിട്ടുണ്ടോ?

**ഉത്തരം**

**ശ്രീ. എം.എം. ഹസ്സൻ (ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പു മന്ത്രി):-**

(എ) ഉണ്ട്

(ബി) പദ്ധതിക്ക് അന്തിമരൂപം നൽകിയിട്ടില്ല.

(സി) സ്കീമിൽ അംഗങ്ങളാകുന്ന എല്ലാ വിദേശ മാലയാളികൾക്കും ഇതിന്റെ പ്രയോജനം ലഭിക്കും.

## കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിനും നിലവിലുള്ള നിയമങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനും പ്രത്യേക നടപടികൾ

132. ശ്രീ. സി. മൊയിൻകുട്ടി:
ശ്രീ. കളത്തിൽ അബ്ദുള്ള:
ശ്രീ. പി.കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിനും നിലവിലുള്ള നിയമങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനും പ്രത്യേക നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. കെ.എം. മാണി (റവന്യൂ-നിയമ വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) നിയമമന്ത്രി അദ്ധ്യക്ഷനും, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, നിയമ സെക്രട്ടറി എന്നിവർ അംഗങ്ങളുമായുള്ള ലോ റിഫോംസ് കമ്മിറ്റി സർക്കാർ ഉത്തരവ് (സാധാ) 26.11.2001-ലെ നം. 1054/01/ നിയമം എന്ന ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സംസ്ഥാനത്തെ കാലഹരണപ്പെട്ട നിയമങ്ങൾ കണ്ടെത്തി റദ്ദാക്കുകയോ നിലവിലുള്ള നിയമങ്ങൾ പരിഷ്ക്കരിക്കുകയോ നിക്ഷേപസൗഹൃദമാക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്യുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ചു വരുന്നു.

## റോഡ് റബ്ബറൈസേഷൻ

133. ശ്രീ. ജോണി നെല്ലൂർ:
ശ്രീ. എ.എൻ.രാജൻ ബാബു:
ശ്രീ. ഷിബു ബേബിജോൺ:
ശ്രീ. ഉമേഷ് ചള്ളിയിൽ:

ശ്രീ. കെ.കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റോഡ് റബ്ബറൈസേഷനുവേണ്ടി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;
(ബി) ഈ മേഖലയിൽ സർക്കാർ പുതുതായി ഏറ്റെടുത്തുനടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. എം.കെ. മുനീർ (മരാമത്തു വകുപ്പു മന്ത്രി):-**

(എ) & (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊച്ചിൻ റിഫൈനറിയിൽ ഉല്പാദിപ്പിക്കുന്ന റബ്ബറൈസ്ഡ് ബിറ്റുമിൻ മുഴുവൻ റോഡു പണിക്കായി ഉപയോഗിച്ചു വരുന്നു. കൊച്ചിൻ റിഫൈനറിയുടെ റബ്ബറൈസ്ഡ് ബിററുമിൻ ഉല്പാദനത്തോത് 15,000 ടണ്ണിൽ നിന്നും 65,000 ടണ്ണായി ഉയർത്താൻ ആ സ്ഥാപനത്തോട് സർക്കാർ ആവശ്യപ്പെട്ടു. അതിനുള്ള പ്രവർത്തനം കൊച്ചിൻ റിഫൈനറി നടത്തി വരുകയാണ്.

## പാലങ്ങളുടെ സമീപത്ത്നിന്ന് മണ്ണെടുക്കുന്നതു സംബന്ധിച്ച് ഹൈക്കോടതി ഉത്തരവ്

134. ശ്രീ. വി.ജെ. പൗലോസ്:
ശ്രീ. എം.എ. ചന്ദ്രശേഖരൻ:
ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ:
ശ്രീ. എ.പി. അനിൽകുമാർ:
ശ്രീ. കെ.പി. വിശ്വനാഥൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലങ്ങളുടെ സമീപത്തുനിന്നും മണ്ണെടുക്കുന്നതിന് ദൂരപരിധി നിശ്ചയിച്ചുകൊണ്ടുള്ള ഹൈക്കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ദൂരം എത്രയെന്ന് വെളിപ്പെടുത്തുമോ;
(ബി) ഹൈക്കോടതി ഉത്തരവിലെ ദൂരപരിധി ലംഘിക്കുന്നില്ലാ എന്ന് ഉറപ്പാക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;
(സി) ഈ ദൂരപരിധി ലംഘിച്ചുകൊണ്ട് മണലെടുക്കുന്നതുമൂലം 200 മീറ്ററിൽ കൂടുതൽ നീളമുള്ള എത്ര പാലങ്ങൾ അപകടത്തിലായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. കെ.എം. മാണി (റവന്യൂ-നിയമ വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.
(ബി) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ടിലെ 12-ാം വകുപ്പ് (5) -ാം ഉപവകുപ്പ് അനുസരിച്ച് പാലങ്ങളിൽ നിന്നും 500 മീറ്റർ ചുററളവിൽ മണൽ വാരുന്നത് നിരോധിച്ചിട്ടുണ്ട്.
(സി) ദൂരപരിധി ലംഘിച്ച് മണലെടുക്കുന്നത് അനുവദനീയമല്ല. കുററകരമാണ്.

## സ്കൂളുകളിലെ ഇംഗ്ലീഷ് ഭാഷാപഠനം

135. ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
ശ്രീ. എൻ. ശക്തൻ:
ശ്രീ. ടി.എൻ. പ്രതാപൻ:
ശ്രീ. കെ.എ. ചന്ദ്രൻ:
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ ഏതു ക്ളാസ്സു മുതൽ ഇംഗ്ളീഷ് ഭാഷ പഠിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ;
(ബി) ഇതുവരെ ഏതു ക്ളാസ്സുമുതലാണ് ഇംഗ്ളീഷ് ഭാഷ പഠിപ്പിച്ചു തുടങ്ങിയിരുന്നതെന്നും കാലേകൂട്ടി ഇംഗ്ളീഷ് പഠിപ്പിക്കുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമെന്നും വിശദീകരിക്കാമോ?

**ഉത്തരം**
**ശ്രീ. നാലകത്തു സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):-**

(എ) ഇപ്പോഴുള്ള നടപടി ക്രമങ്ങൾ അനുസരിച്ച് 4-ാം ക്ളാസ് മുതലാണ് ഇംഗ്ളീഷ് വിദ്യാഭ്യാസം നിലവിലുള്ളത്. എന്നാൽ 2002-2003 അദ്ധ്യായന വർഷം മുതൽ 3-ാം ക്ളാസ്സിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ളീഷ് കൂടി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നാലാം ക്ളാസ്സ് മുതൽക്കാണ് വിദ്യാലയങ്ങളിൽ ഇംഗ്ളീഷ് വിദ്യാഭ്യാസം നൽകിവരുന്നത്. സ്കൂളുകളിൽ ഇംഗ്ളീഷ് വിദ്യാഭ്യാസം കാലേകൂട്ടി ആരംഭിക്കുകയാണെങ്കിൽ സർക്കാർ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കാൻ സാദ്ധ്യതയുണ്ട്. നിത്യജീവിതത്തിൽ കുട്ടികൾ വളരെയധികം ഇംഗ്ളീഷ് പദങ്ങൾ ഉപയോഗിച്ചുവരുന്നു. ആയതിനാൽ കൂടുതൽ ആയാസം കൂടാതെയുള്ള പഠനപ്രവർത്തനങ്ങളിലൂടെ വളരെ ചെറുപ്പത്തിൽതന്നെ മറ്റൊരു ഭാഷ പരിചയപ്പെടാൻ സാധിക്കുകയും ഭാവിയിൽ ഇംഗ്ളീഷ് പഠനം കൂടുതൽ അനായാസമായിത്തീരുകയും ഇംഗ്ളീഷിൽ ആശയവിനിമയം നടത്തുവാൻ സാധിക്കുകയും ചെയ്യുന്നു. ഇതിന്റെ ആദ്യപടി എന്നോണമാണ് 3-ാം ക്ളാസ്സിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ളീഷ് നടപ്പിലാക്കുന്നത്.

**പ്ളസ്ടു കോഴ്സ് നടത്തുന്ന അൺഎയിഡഡ് സ്കൂളുകൾക്ക് വിദ്യാർത്ഥികളിൽ നിന്നും പിരിക്കാവുന്ന ഫീസ്**

136\. ശ്രീ. എം.പി. ഗംഗാധരൻ:
ശ്രീ. എൻ.ഡി. അപ്പച്ചൻ:
പ്രൊഫസർ എ.ഡി. മുസ്തഫ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം എത്ര അൺഎയ്ഡഡ് സ്കൂളുകളിൽ പ്ളസ്ടു കോഴ്സ് അനുവദിച്ചു;

(ബി) എത്ര എയിഡഡ് സ്കൂളുകളിൽ അൺഎയിഡഡ് അടിസ്ഥാനത്തിൽ പ്ളസ്ടു കോഴ്സ് അനുവദിച്ചു;

(സി) പ്ളസ്ടുവിന് ഈ വർഷം അനുവദിച്ച മൊത്തം സീറ്റുകളെത്ര; പ്ളസ്ടു കോഴ്സ് നടത്തുന്ന അൺ എയിഡഡ് സ്കൂളുകൾക്ക് വിദ്യാർത്ഥികളിൽ നിന്നും പിരിക്കാവുന്ന ഫീസ് എത്രയാണെന്ന് തീരുമാനിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം**
**ശ്രീ. നാലകത്തു സൂപ്പി (വിദ്യാഭ്യാസ വകുപ്പു മന്ത്രി):-**

(എ) ഈ വർഷം ഇതുവരെ അൺ എയ്ഡഡ് പ്ളസ് 2 സ്കൂളുകൾ ഒന്നും അനുവദിച്ചിട്ടില്ല.

(ബി) ഈ വർഷം ഇതുവരെ എയ്ഡഡ് സ്കൂളുകളിലും പ്ളസ് ടു അനുവദിച്ചിട്ടില്ല.

(സി) ഈ വർഷം പുതുതായി +2 സീറ്റുകൾ ഒന്നും അനുവദിച്ചിട്ടില്ല. അതിനാൽ മറ്റ് ചോദ്യങ്ങൾ ഉദിക്കുന്നില്ല.

**റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണത്തിൽ സ്വകാര്യമേഖലയുടെ പങ്കാളിത്തം**

137\. ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. എ.എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര റോഡുകളും പാലങ്ങളും പണിയുന്നതിന് സ്വകാര്യ ഏജൻസികളുമായി കരാറുണ്ടാക്കിയിട്ടുണ്ട്;

(ബി) അവ ഏതെല്ലാമെന്നും എത്ര രൂപയുടെ പണികളാണെന്നും വെളിപ്പെടുത്തുമോ;

(സി) ബി.ഒ.ടി. പ്രകാരം മരാമത്തു പണികൾ സ്വകാര്യമേഖലയ്ക്ക് നൽകുന്നതിന് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെന്ന് വെളിപ്പെടുത്തുമോ;

(ഡി) ബി.ഒ.ടി. പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുമ്പോൾ ഭാവിയിൽ ഉണ്ടാകുന്ന വാഹനഗതാഗതത്തിന്റെ അടിസ്ഥാനത്തിൽ പ്രതിവർഷം പിരിച്ചെടുക്കാവുന്ന തുകയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ഇ) ടോൾ പിരിവിന്റെ തുകയും കാലാവധിയും നിശ്ചയിക്കുന്നതിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ.എം.കെ. മുനീർ ( മരാമത്തുവകുപ്പുമന്ത്രി):-**

(എ) &(ബി) റോഡുകളുടേയും പാലങ്ങളുടേയും കാര്യത്തിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ കരാർ ഉണ്ടാക്കിയിട്ടുള്ളത് മട്ടാഞ്ചേരി പാലത്തിന് മാത്രമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം പുതിയ ബി.ഒ.ടി. കരാർ ഒന്നും തന്നെ ഉണ്ടാക്കിയിട്ടില്ല.

(സി),(ഡി) & (ഇ) ഏറ്റവും കുറഞ്ഞ കൺസഷൻ പിരീഡ് എന്നുള്ളതാണ് ബി.ഒ.ടി. അനുസരിച്ച് നിർമ്മിക്കപ്പെട്ട മട്ടാഞ്ചേരി പാലത്തിന്റെ കാര്യത്തിൽ അനുവർത്തിച്ച മാനദണ്ഡം. വാഹനഗതാഗതത്തിന് ഭാവിയിൽ ഉണ്ടാകുന്ന വർദ്ധനവിന്റെ തോതുകൂടി കണക്കിലെടുത്താണ് ബി.ഒ.ടി. കാലാവധിയിൽ തീരുമാനം എടുത്തത്. ടോൾ പിരിവിന്റെ തുക മുൻകൂട്ടി തീരുമാനിച്ച് അറിയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കാലാവധി ടെൻഡർ വഴി ആവശ്യപ്പെടുകയുമാണ് ഉണ്ടായത്.

## <u>കാർഡമംഹിൽ റിസർവ് നിയമം</u>

138. ശ്രീ. പി.സി. ജോർജ്:
ഡോക്ടർ തോമസ് ഐസക്:
ശ്രീ. സാജുപോൾ:
ശ്രീ. കെ.കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഡമംഹിൽ റിസർവ് നിയമം ഭേദഗതി ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) മതികെട്ടാൻ ചോലയിലെ ഭൂമിയിൽ റവന്യൂ വകുപ്പിന് നിലവിലുള്ള അവകാശം വനംവകുപ്പിന് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഈ തീരുമാനം നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) കാർഡമംഹിൽ റിസർവ് നിയമപ്രകാരം ഏലകൃഷിയുള്ള വനഭൂമിയിൽ റവന്യൂവകുപ്പിന് ഉള്ള അവകാശം സംസ്ഥാനത്തൊട്ടാകെ വനംവകുപ്പിനു വിട്ടുകൊടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

**<u>ഉത്തരം</u>**

**ശ്രീ. കെ.എം. മാണി ( റവന്യൂവും നിയമവും വകുപ്പുമന്ത്രി):-**

(എ) കാർഡമം ഹിൽ റിസർവ്വ് നിയമം എന്ന പേരിൽ ഒരു നിയമം സംസ്ഥാനത്ത് നിലവിൽ ഇല്ല.

(ബി) മതികെട്ടാൻ ചോലയിലെ ഭൂമിയുടെ ഭരണച്ചുമതല വനംവകുപ്പിനു കൈമാറുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ആ പ്രദേശത്തിന്റെ യഥാർത്ഥ വിസ്തീർണ്ണവും അതിരുകളും റീ സർവേ മുഖാന്തിരം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) ഈ കാര്യം പരിഗണനാർഹമല്ല.

## <u>ഗൾഫ് നാടുകളിലേക്ക് കപ്പൽ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി</u>

139. ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് നാടുകളിലെ സാധാരണക്കാരായ മലയാളികളുടെ സൗകര്യാർത്ഥം കപ്പൽ സർവ്വീസുകൾ ആരംഭിക്കുവാനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) നേരത്തെ ആരംഭിച്ച കപ്പൽ സർവ്വീസ് മുടങ്ങുവാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഗ്ലോബൽ ടെൻഡർ വിളിച്ച് സ്വകാര്യസ്ഥാപനങ്ങൾ മുഖേനയോ നോർക്ക നേരിട്ടോ കപ്പൽ സർവ്വീസ് ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. എം.എം. ഹസ്സൻ (ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ നിയന്ത്രണങ്ങൾ പാലിക്കപ്പെടാത്തതുകൊണ്ടാണ് കപ്പൽ സർവ്വീസ് മുടങ്ങാനിടയായത്.

(സി) നടപടികൾ സ്വീകരിച്ചു വരുന്നു.

**പൊതുമരാമത്തുവകുപ്പിന്റെ ജോലികളിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുവാൻ നടപടി**

140. ശ്രീ. കളത്തിൽ അബ്ദുള്ള:
ശ്രീ. പി.കെ. അബ്ദുറബ്ബ്:
ശ്രീ. ടി.പി.എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തു വകുപ്പിന്റെ ജോലികളിൽ പൊതുജനപങ്കാളിത്തം ഉറപ്പു വരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കരാറുകാർക്ക് മൂന്നുവർഷത്തെ ഗ്യാരണ്ടി നൽകിയാൽമതി എന്ന നിയമം നിലവിലുണ്ടോ;

(സി) പ്രസ്തുത നിയമം ഭേദഗതി ചെയ്ത് ഗ്യാരണ്ടി പീരിയഡ് നീട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഗ്യാരണ്ടി പീരിയഡ് കൂട്ടിയാൽ കരാറുകാർ പൂർത്തിയാക്കുന്ന പണികളുടെ ഗുണനിലവാരം ഉയർത്തുന്നതിന് സാദ്ധ്യമാകുമെന്ന് കരുതുന്നുണ്ടോ?

**ഉത്തരം**

**ശ്രീ. എം.കെ. മുനീർ (മരാമത്തു വകുപ്പുമന്ത്രി):-**

(എ) പൊതുമരാമത്തു വകുപ്പിൽ പണികൾ ഏറ്റെടുത്തു നടത്തുന്നത് കോൺട്രാക്ടർമാർ വഴിയാണ്.

(ബി),(സി) &(ഡി) പാലം പണികൾക്ക് 3 വർഷവും കെട്ടിടം പണികൾക്ക് 2 വർഷവും പുതിയ റോഡു പണികൾക്ക് ഒന്നര വർഷവും ആണ് നിലവിലുള്ള ഗ്യാരന്റി പിരിയഡ്. ഗുണനിലവാരം നിലനിർത്തുന്നതിന് നിലവിലുള്ള മേൽപ്പറഞ്ഞ ഗ്യാരന്റി പീരിയേഡ് മതിയാവുന്നതാണ്. അതുകൊണ്ട് ഈ പീരിയഡ് നീട്ടാൻ ഉദ്ദേശിക്കുന്നില്ല.

**നദീതട സംരക്ഷണ നിയമം നടപ്പിലാക്കുന്നതിന് കൈക്കൊണ്ട നടപടികൾ**

141. ശ്രീ. ടി.പി. രാമകൃഷ്ണൻ:
ശ്രീ. എം.വി. ജയരാജൻ:
ശ്രീ. വി.കെ. ചന്ദ്രൻ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദീതട സംരക്ഷണ നിയമം നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കിയതിനെ തുടർന്ന് മണലിന്റെ ലഭ്യതയിൽ വൻതോതിലുണ്ടായ കുറവുമൂലം നിർമ്മാണരംഗത്ത് പ്രതിസന്ധി ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മണലിന്റെ ലഭ്യതക്കുറവും അമിതവിലയും മുതലെടുത്ത് അനധികൃത മണലൂറ്റും, കരിഞ്ചന്തയും, കള്ളക്കടത്തും നടത്തുന്ന മാഫിയാ സംഘങ്ങൾ സംസ്ഥാനത്തുടനീളം പ്രവർത്തനം നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കേരളത്തിലെ തെക്കൻ ജില്ലകളിൽ തമിഴ്നാട്ടിൽ നിന്ന് മണൽ കൊണ്ടുവരുന്ന ലോറികൾ പിടിച്ചെടുക്കുന്നത് ഒഴിവാക്കി ഈ ജില്ലകളിലെ നിർമ്മാണ രംഗത്തുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) നദീതട സംരക്ഷണ നിയമം നടപ്പിലാക്കിയപ്പോഴുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് നിയമത്തിൽ ഭേദഗതി വരുത്തുന്നകാര്യം പരിഗണിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി) :-**

(എ) 2001-ലെ കേരള നദീതട സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്റ്റിലെ (2001-ലെ 18) 1-ാം വകുപ്പ് (3)-ാം ഉപവകുപ്പു പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് പ്രസ്തുത ആക്റ്റ് 2001 ഏപ്രിൽമാസം 15-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചു. പ്രസ്തുത ആക്റ്റിലെ 26-ാം വകുപ്പുപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് 2002-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങൾ പുറപ്പെടുവിച്ചു. പ്രസ്തുത ചട്ടങ്ങൾ 2002 ഏപ്രിൽ 27-ാം തീയതി മുതൽ പ്രാബല്യത്തിൽ വന്നു. പ്രസ്തുത ആക്ടിലെ 3-ാം വകുപ്പുപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് സംസ്ഥാനത്തെ ഓരോ ജില്ലക്കുവേണ്ടി ഓരോ ജില്ലാ വിദഗ്ധ സമിതികൾ രൂപീകരിച്ചുകൊണ്ട് 2002 മേയ് 29-ന് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. കടവു കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നിയമം 15/4/2002 മുതൽ നടപ്പിലാക്കി വരുന്നതേയുള്ളൂ. നിർമ്മാണരംഗത്ത് പ്രതിസന്ധി ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അനധികൃത മണലൂറ്റ് തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) മറ്റ് സംസ്ഥാനങ്ങളിൽനിന്നും മണൽ കൊണ്ടുവരുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. കേരളത്തിലെ നദീതീര സംരക്ഷണത്തിനും മണൽവാരൽ നിയന്ത്രിക്കുന്നതിനുമാണ് നിയമവും ചട്ടങ്ങളും നിർമിച്ചിട്ടുള്ളത്.

(ഇ) നദീതട സംരക്ഷണ നിയമം 15/4/2002-ലാണ് നിലവിൽ വന്നത്. നിയമം നടപ്പാക്കിയതിൽ നാളിതുവരെ യാതൊരു പ്രായോഗിക ബുദ്ധിമുട്ടുകളും ഉണ്ടായിട്ടില്ല.

## <u>ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതു സംബന്ധിച്ച് കരിക്കുലം കമ്മിറ്റിയുടെ ശുപാർശ</u>

142. ശ്രീ. കെ.പി. രാജേന്ദ്രൻ:
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:
ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. ക്ക് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതു സംബന്ധിച്ച് കരിക്കുലം കമ്മിറ്റിയുടെ ശുപാർശ എന്തായിരുന്നു;

(ബി) ഒറ്റയടിക്ക് എസ്.എസ്.എൽ.സി. ക്ക് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തരുതെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഘട്ടം ഘട്ടമായി ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതു സംബന്ധിച്ചുള്ള അഭിപ്രായം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) മോഡറേഷൻ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) തുടർ പഠനത്തിനുള്ള കുറഞ്ഞ യോഗ്യത എത്രമാർക്കായി ഉയർത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. നാലകത്തു സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):-**

(എ) പുതിയ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും ഹൈസ്കൂൾതലത്തിൽ നടപ്പിലാക്കുന്നതിനനുസരിച്ച് ഘട്ടം ഘട്ടമായി ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കണമെന്നതാണ് കരിക്കുലം കമ്മിറ്റിയുടെ ശുപാർശ.

(ബി) & (സി) ഉണ്ട്. ഘട്ടം ഘട്ടമായി ഗ്രേഡിംഗ് ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടം, എസ്.എസ്.എൽ.സി. പരീക്ഷ ആറ് പേപ്പറുകൾ ആറ് ദിവസങ്ങളിലായി നടത്തും. മാർക്ക് അടിസ്ഥാനമാക്കിയുള്ള 9 പോയിന്റ് സ്കെയിൽ ഗ്രേഡിംഗാണ് നടപ്പിലാക്കുന്നത്. ഇതിനാവശ്യമായ പരിശീലന പരിപാടികൾ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും നൽകും.

(ഡി) ഗ്രേഡിംഗ് സമ്പ്രദായം നിലവിൽ വരുന്നതോടുകൂടി മോഡറേഷൻ ഇല്ലാതാകുന്നതാണ്.

(ഇ) +2 കോഴ്സിനുള്ള പ്രവേശനത്തിന് 'സി'2 ഗ്രേഡ് മിനിമം യോഗ്യതയായി നിശ്ചയിക്കുന്നതിനാണ് കരിക്കുലം കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളത്.

## <u>പ്രൊഫഷണൽ കോളേജുകളുടെ ന്യൂനപക്ഷ പദവി</u>

143. ശ്രീ. പി. ജയരാജൻ:
ശ്രീ. കെ.പി. സതീശ്ചന്ദ്രൻ:
ശ്രീ. മത്തായി ചാക്കോ:
ശ്രീ. വി.കെ.സി. മമ്മതുകോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോളേജുകളുടെ ന്യൂനപക്ഷ പദവി സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;

(ബി) ന്യൂനപക്ഷങ്ങൾ ഇന്നനുഭവിക്കുന്ന അവകാശം ഭൂരിപക്ഷ സമുദായങ്ങൾ നടത്തുന്ന കോളേജുകൾക്കുകൂടി ബാധകമാക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(സി) പുതിയതായി ആരംഭിച്ച പ്രൊഫഷണൽ കോളേജുകളിൽ ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് ന്യൂനപക്ഷ പദവി നൽകിയിട്ടുള്ളത്;

(ഡി) ഭൂരിപക്ഷ സമുദായങ്ങൾ നടത്തുന്ന പ്രൊഫഷണൽ സ്ഥാപനങ്ങളിൽക്കൂടി ന്യൂനപക്ഷങ്ങൾക്കു നൽകുന്ന അവകാശം നടപ്പിലാക്കുമ്പോൾ ദുർബല വിഭാഗങ്ങളുടെ സംവരണ സീറ്റിൽ ഉണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

**<u>ഉത്തരം</u>**

**ശ്രീ. നാലകത്തു സൂപ്പി (വിദ്യാഭ്യാസ വകുപ്പു മന്ത്രി):-**

(എ) ഇൻഡ്യൻ ഭരണഘടനയുടെ ഛേദം 30(1) അനുസരിച്ച്, (മതപരവും ഭാഷാപരവും), ന്യൂനപക്ഷത്തിന്റെ വിദ്യാഭ്യാസപരമായ ഉന്നതിയ്ക്ക് വേണ്ടി നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ വിദ്യാഭ്യാസ പദവി നൽകണമെന്നതാണ് സർക്കാരിന്റെ നിലപാട്.

(ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(സി) എറണാകുളം ജില്ലയിലെ മാറാപ്പള്ളിയിൽ പുതുതായി ആരംഭിച്ച എം.ബി.എ. കോഴ്സിനായുള്ള എം.ഇ.എസ്. കോളേജിന് മാത്രമേ ഇതുവരെ ന്യൂനപക്ഷ പദവി നൽകിയിട്ടുള്ളു. മറ്റ് പ്രൊഫഷണൽ കോളേജുകൾക്ക് ന്യൂനപക്ഷ പദവി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഡി) 'ബി' പിരിവിന് നൽകിയിട്ടുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

***